"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ വകുപ്പ് ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം - ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറി (ജോയിന്റ് ബി.ഡി.ഒ) ശ്രീമതി. സുധ കെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA [EKM] No. 1438/2023 നമ്പർ കേസ് - കോടതി ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2145/2023/LSGD തീയതി,തിരുവനന്തപുരം, 01-11-2023

---

പരാമർശം:-

1. സ.ഉ (കൈ) നം. 79/2023/തസ്വഭവ, തീയതി 22.03.2023.
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023 ലെ LSGD/PD/1224/2023-DED1 - PART(1) നമ്പർ നടപടിക്രമം.
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 17.08.2023 ലെ LSGD/PD/46015/2023-DEB1 നമ്പർ നടപടിക്രമം.
4. ശ്രീമതി. സുധ കെ യുടെ 21.08.2023 ലെ അപ്പീൽ അപേക്ഷ(Annexure A8).
5. OA [EKM] No. 1438/2023 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 22.08.2023 ലെ വിധിന്യായം.
6. സ.ഉ(സാധാ) നം. 1603/2023/തസ്വഭവ, തീയതി 05.08.2023.
7. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.09.2023 ലെ LSGD/PD/46015/2023-DEB1 നമ്പർ നടപടിക്രമം.
8. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 27.09.2023 ലെ LSGD/PD/55566/2023-DEB1 നമ്പർ റിപ്പോർട്ട്.
9. 05.10.2023 ന് ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ മിനിട്സ്.

**<u>ഉത്തരവ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ/ ജില്ലാ മേധാവി നിയമനാധികാരിയായിട്ടുള്ള ജീവനക്കാരുടെ 2023 വർഷത്തെ പൊതു സ്ഥലംമാറ്റം ഓൺലൈനായി നടത്തുന്നതിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവ് നടപ്പിലാക്കിക്കൊണ്ട് പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ഉത്തരവ് പുറത്തിറക്കിയിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ പുറത്തിറക്കിയ ഉത്തരവിൽ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന (ജോയിന്റ് ബി.ഡി.ഒ) ശ്രീമതി. സുധ കെ യെ ചങ്ങരോത്ത്

ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയിരുന്നു. ആയതിനെതിരെ ടിയാൾ പരാമർശം (4) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് ടിയാൾ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ ഫയൽ ചെയ്ത OA [EKM] No. 1438/2023 നമ്പർ കേസിൽ ചുവടെ ചേർക്കും പ്രകാരം വിധിയായിരുന്നു.

"The Original Application is disposed of directing the first respondent to consider and pass appropriate orders on Annexure A8 representation in accordance with law, within a period of one month from the date of receipt of a copy of this order."

തദ്ദേശസ്വയംഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് സർക്കാരിൽ ലഭിക്കുന്ന അപ്പീൽ അപേക്ഷകൾ പരിശോധിക്കുന്നതിന് പരാമർശം (6) പ്രകാരം അപ്പീൽ കമ്മിറ്റി രൂപീകരിച്ചിരുന്നു. ശ്രീമതി. സുധ കെ യുടെ അപ്പീൽ അപേക്ഷ 05.10.2023 ൽ ചേർന്ന അപ്പീൽ കമ്മിറ്റി പരിശോധിക്കുകയുണ്ടായി. ടിയാളെ പരാമർശം (7) പ്രകാരം ടിയാളുടെ ഓപ്ഷനായ തോടന്നൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ചിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (8) പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. ഈ സാഹചര്യത്തിൽ അപ്പീലിലെ ആവശ്യത്തിൽ നിലവിൽ പ്രസക്തി ഉള്ളതായി കാണുന്നില്ലെന്ന് അപ്പീൽ കമ്മിറ്റി കണ്ടെത്തുകയുണ്ടായി.

ശ്രീമതി. സുധ കെ യുടെ അപ്പീലിലെ ആവശ്യം പ്രിൻസിപ്പൽ ഡയറക്ടർ തലത്തിൽ പരിഹരിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാളുടെ അപ്പീൽ അപേക്ഷ തീർപ്പാക്കിക്കൊണ്ടും അപ്രകാരം പരാമർശം (5) പ്രകാരമുള്ള കോടതി വിധി നടപ്പിലാക്കിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.
ശ്രീമതി. സുധ കെ, അസിസ്റ്റന്റ് സെക്രട്ടറി, ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്, കണ്ണൂർ.
അഡ്വക്കേറ്റ് ജനറൽ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Suja M
Date: 02-11-2023 11:23:30
സെക്ഷൻ ഓഫീസർ